**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 34** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | നിക്ഷേപങ്ങളുടെ പലിശയ്ക്കും പരിധിയിൽ കൂടുതൽ പണം പിൻവലിച്ചതിനും ആദായനികുതി അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ബാങ്ക് സഹകരണ ബാങ്കുകൾക്ക് നോട്ടീസ് നൽകിയിരുന്നുവോ; | (എ) | ആദായ നികുതി ആക്ട് 194A, 194N പ്രകാരം സംഘങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനാൽ സംസ്ഥാന സഹകരണ ബാങ്കിന് ഭീമമായ തുക സാമ്പത്തിക ബാധ്യതയായി ആദായ നികുതി വകുപ്പ് ചുമത്തിയിട്ടുണ്ടായിരുന്നു. TDS തുക സംഘങ്ങളിൽ നിന്ന് ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കാത്ത പക്ഷം ബാങ്ക് “Assessee in Default” ആയി കണക്കാക്കപ്പെടും. അക്കാരണത്താൽ ബാങ്കിന്റെ ഭരണസമിതി തീരുമാനപ്രകാരം ഡിമാൻഡ് നോട്ടീസ് സംഘങ്ങൾക്ക് അയച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ സംസ്ഥാന സഹകരണ ബാങ്ക് ബഹു. ഹൈക്കോടതിയിൽ നിന്നും താൽക്കാലിക സ്റ്റേ ഓർഡർ സമ്പാദിച്ചിട്ടുണ്ട്. ബാങ്കിന്റെ Core Banking Solutions പൂർത്തിയാകുന്ന മുറയ്ക്ക് സംഘങ്ങൾ നേരിടുന്ന RTGS/NEFT മായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നതാണ്. |
| (ബി) | സാമൂഹ്യക്ഷേമ പെൻഷനും കെ.എസ്.ആർ.ടി.സി. പെൻഷനും വിതരണം ചെയ്യുന്ന 1600-ൽ പരം സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര ആദായ നികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്തിട്ടുള്ള വകുപ്പ് 194N ൽ നിന്നും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് പരിരക്ഷ ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ അതിന്മേൽ യാതൊരു അനുകൂല നടപടിയും ഉണ്ടായിട്ടില്ല. നിലവിൽ ആദായ നികുതി വകുപ്പിൽ നിന്നും ഉണ്ടാകുന്ന ഡിമാന്റിന്മേൽ കോടതി മുഖേന നിയമപരമായ പരിരക്ഷ നേടുന്നതിന് സഹകരണ സംഘങ്ങൾ നടപടി സ്വീകരിച്ച് വരികയാണ്.<br><br>ആദായ നികുതി വകുപ്പിൽ നിന്നും നോട്ടീസ് ലഭിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ സ്വന്തം നിലക്കും കൂട്ടായും കോടതി മുഖേന അനുകൂല ഉത്തരവുകൾ നേടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളാ ബാങ്കിലും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുമ്പോൾ ഈ വിഷയത്തിൽ ഒരു ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. |
| (സി) | സഹകരണ സംഘങ്ങൾക്ക് ട്രഷറിയിൽ നിന്ന് നേരിട്ട് പണം നൽകുന്നതിനോ ആദായ നികുതിയായി നൽകുന്ന തുക അധിക ഇൻസെന്റീവ് ആയി അനുവദിക്കുന്നതിനോ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ